**കേരളസർക്കാർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

**പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2017 ജൂലൈ 15 ശനി**

# തൃക്കുന്നപ്പുഴ ഉപതിരഞ്ഞെടുപ്പ്: വോട്ടെടുപ്പ് 18ന് രാവിലെ ഏഴു മുതൽ

## - അവധി ബ്ലോക്ക് പഞ്ചായത്ത് ഡിവിഷന്റെ പരിധിയിൽ മാത്രം

ആലപ്പുഴ: ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിലെ തൃക്കുന്നപ്പുഴ ഡിവിഷനിൽ ജൂലൈ 18നു നടക്കുന്ന ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് സമയം രാവിലെ ഏഴു മുതൽ വൈകിട്ട് അഞ്ചുവരെയായിരിക്കുമെന്ന് ജില്ലാ കളക്ടർ വീണ എൻ. മാധവൻ അറിയിച്ചു. ഈ ബ്ലോക്ക് ഡിവിഷന്റെ പരിധിയിൽ വരുന്ന തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ആറു വാർഡുകളിലെ വോട്ടെടുപ്പ് കേന്ദ്രങ്ങളായ സ്ഥാപനങ്ങൾക്ക് 17നും 18നും അവധിയായിരിക്കും. ബ്ലോക്ക് ഡിവിഷന്റെ പരിധിയിൽ വരുന്ന മറ്റു വിദ്യാഭ്യാസ, സർക്കാർ സ്ഥാപനങ്ങൾക്കു തെരഞ്ഞെടുപ്പ് ദിനമായ 18നും സ്വീകരണ-വിതരണ-വോട്ടെണ്ണൽ കേന്ദ്രമായ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് 17നും 18നും വോട്ടെണ്ണൽ ദിനമായ 19ന് ഉച്ചവരെയും അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ബ്ലോക്ക് ഡിവിഷന്റെ പരിധിയിൽ 16ന് വൈകിട്ട് അഞ്ചുമുതൽ 18ന് വൈകിട്ട് അഞ്ചുവരെയും 19നും വോട്ടെണ്ണൽകേന്ദ്രമായ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ രണ്ടു കിലോമീറ്റർ ചുറ്റളവിൽ 19നും മദ്യനിരോധവും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലാ കളക്ടർ വ്യക്തമാക്കി.

(പി.എൻ.എ. 1673/17)

# കാർത്തികപ്പള്ളി താലൂക്കിലെ റേഷൻ കാർഡ് വിതരണം

ആലപ്പുഴ: കാർത്തികപ്പള്ളി താലൂക്കിലെ റേഷൻ കാർഡ് വിതരണം ജൂലൈ 17നും 18നും നടക്കും. 17ന് റേഷൻ കട നമ്പർ 176-കരുവാറ്റ ഗേൾസ് ഹൈസ്ക്കൂൾ, 178-കടുവൻകുളങ്ങര ജങ്ഷൻ, 179-കരുവാറ്റ സൊസൈറ്റി 1742, 185-കരുവാറ്റ പവർഹൗസ്, 203-കോളോത്ത് ദേവീക്ഷേത്രത്തിനു സമീപം, 240-കോയിക്കൽ ജങ്ഷൻ, 227-കോട്ടയ്ക്കകം, 233-കുരീക്കാട് മുക്ക്, 234-പൊയ്യക്കര വടക്ക് എന്നിവിടങ്ങളിൽ നടക്കും. 18ന് 255- നെൽപുരക്കടവിനു സമീപം, 261-നങ്ങ്യാർകുളങ്ങര കോളജിന് വടക്കുവശം, 238-കാരിച്ചാൽ ഓർത്തഡോക്സ് പള്ളിക്കു സമീപം, 241-വീയപുരം കിഴക്ക്, 244-മേൽപാടം, 171, 172-കുമാരപുരം പഞ്ചായത്ത് ഓഫീസിനു പടിഞ്ഞാറ്, 173-താമല്ലാക്കൽ ജങ്ഷൻ എന്നിവിടങ്ങളിൽ നടക്കും.
കേന്ദ്രങ്ങളിൽ രാവിലെ 10 നും വൈകിട്ട് അഞ്ചിനും ഇടയിൽ കാർഡുടമകളോ, കാർഡിൽ ഉൾപ്പെട്ടിരിക്കുന്ന മറ്റംഗങ്ങളോ നിലവിലുള്ള റേഷൻകാർഡും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡുമായി എത്തണം. റേഷൻ കാർഡുകളുടെ വില മുൻഗണനാ വിഭാഗം: 50 രൂപയും പൊതുവിഭാഗത്തിന് 100 രൂപയും. പട്ടികവർഗക്കാർക്ക് സൗജന്യം (മുൻഗണനവിഭാഗത്തിനും എ.എ.വൈ.യ്ക്കും മാത്രം).

(പി.എൻ.എ. 1674/17)

# അമ്പലപ്പുഴ താലൂക്കിലെ റേഷൻ കാർഡ് വിതരണം

ആലപ്പുഴ: അമ്പലപ്പുഴ താലൂക്കിൽ റേഷൻ കാർഡ് വിതരണം ജൂലൈ 17നും 18നും നടക്കും. അതത് റേഷൻ ഡിപ്പോകൾക്ക് സമീപമായിരിക്കും കാർഡുകൾ വിതരണം ചെയ്യുന്നത്. ജൂലൈ 17ന് റേഷൻ കട നമ്പർ 191, 206, 205, 149, 150, 189, 134 എന്നിവിടങ്ങളിലും ജൂലൈ 18ന് റേഷൻ കട നമ്പർ 49, 29, 204 എന്നിവിടങ്ങളിലും നടക്കും. മുൻഗണന വിഭാഗത്തിനുള്ള കാർഡ് ഉടമകൾക്ക് 50 രൂപയും ഇതര വിഭാഗത്തിലുള്ളവർക്ക് 100 രൂപയും നൽകണം. രാവിലെ പത്തിനും വൈകിട്ട് അഞ്ചിനും ഇടയിൽ കാർഡ് ഉടമകളോ കാർഡിൽ ഉൾപ്പെട്ടിരിക്കുന്ന മറ്റ് അംഗങ്ങളോ നിലവിലുള്ള റേഷൻകാർഡും ഫോട്ടോ പതിച്ചതിരിച്ചറിയൽ രേഖയുമായി എത്തണം.

(പി.എൻ.എ. 1675/17)

# പണപ്പിരിവ് അനധികൃതം

ആലപ്പുഴ: ജില്ലയിലെ ബാർബർ, അലക്ക് തൊഴിലാളി ക്ഷേമപദ്ധതി അംഗങ്ങൾക്ക് പുതിയ അംഗത്വകാർഡ്, പാസ് ബുക്ക് എന്നിവ നൽകാനെന്ന പേരിൽ ചിലർ പണപ്പിരിവ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടെന്നും ഇതിനായി ഉത്തരവുകളില്ലെന്നും ആരെയും ചുമതലപ്പെടുത്തിയിട്ടില്ലെന്നും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

(പി.എൻ.എ. 1675/17)

# ഓംബുഡ്സ്മാൻ സിറ്റിങ് മാറ്റി

ആലപ്പുഴ: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ ജൂലൈ 20 മുതൽ 22 വരെ എറണാകുളം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടത്താനിരുന്ന സിറ്റിങ് മാറ്റിയതായി സെക്രട്ടറി അറിയിച്ചു.

(പി.എൻ.എ. 1676/17)

// തുടരും //